പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : T1473** **14.12.2012-ൽ മറുപടിക്ക്**

**കൺസ്യൂമർ പ്രൈസ് ഇൻഡക്സ് പുനർനിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| (എ) | 2010-ലെ കൺസ്യൂമർ പ്രൈസ് ഇൻഡക്സ് പുനർനിർണ്ണയം ചെയ്യുന്നതിനുള്ള വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് ലഭ്യമായത്; | (എ) | റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (ബി) | ഇതിന്മേൽ എന്തെല്ലാം നടപടികളാണ് ഇതിനകം സ്വീകരിച്ചത്; വെളിപ്പെടുത്താമോ ? | (ബി) | 27.8.2010 ലെ സ.ഉ. (എം.എസ്) 104/2010/ തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാനത്ത് കുടുംബ ബജറ്റ് സർവ്വേ നടത്തുന്നതിന് സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിനെ ചുമതലപ്പെടുത്തി. അതിൻ പ്രകാരം 2011 ഫെബ്രുവരി-1ന് ആരംഭിച്ച വിവരശേഖരണ ജോലികൾ 2012 ജനുവരി 31-ന് അവസാനിക്കുകയും ആയതിന്റെ രണ്ടാം ഘട്ടമായ ഡാറ്റാ എൻട്രി ജോലികൾ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ പൂർത്തീകരിക്കുകയും ചെയ്തു. തുടർന്ന് 16 സർവ്വേ കേന്ദ്രങ്ങളുടെയും വെയിറ്റിംഗ് ഡയഗ്രം കമ്മിറ്റി വിശദമായി പരിശോധിച്ച് അംഗീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള വെയിറ്റിംഗ് ഡയഗ്രമിനെക്കുറിച്ചും മറ്റും ചർച്ച ചെയ്യുന്നതിലേക്കായി 18.12.2012- ന് കേരള കൺസ്യൂമർ പ്രൈസ് ഇൻഡക്സ് റിവിഷൻ കമ്മിറ്റിയുടെ ഒരു യോഗം ചേരുവാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ